"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ്കോടതിയിൽ 05/12/2023-ൽ നടന്ന ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ എൽ.എ.ആർ. 445/10 നമ്പർ കേസിന്മേലുള്ള തുക റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1380/2024/LSGD** **തീയതി, തിരുവനന്തപുരം, 29-07-2024**

---

പരാമർശം:- 1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23/02/2024-ലെ എ3/2642/2010/ട്രിഡ നമ്പർ കത്ത്.

2. സ.ഉ.(സാധാ) നം. 977/2024/ത.സ്വ.ഭ.വ, തീയതി, 05/06/2024.

3. സ.ഉ.(സാധാ) നം. 5254/2024/ധന തീയതി 04/07/2024.

**ഉത്തരവ്**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി, സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി അർത്ഥനാധികാരിയായി, പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ്കോടതിയിൽ 05.12.2023 തീയതിയിൽ നടന്ന ലോക് അദാലത്തിൽ പരിഗണിക്കുകയും ഒത്തുതീർപ്പാക്കുകയും ചെയ്തിട്ടുള്ള എൽ.എ.ആർ. 445/10 നമ്പർ കേസിന്മേലുള്ള തുകയായ 1,30,56,178/- രൂപ (ഒരു കോടി മുപ്പത് ലക്ഷത്തി അമ്പത്തിയാറായിരത്തി ഒരുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) കക്ഷിയായ ശ്രീ. രാമയ്യൻ ചെട്ടിയാർക്ക് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് 05/12/2023-ൽ തിരുവനന്തപുരം സബ് കോടതിയിൽ നടന്ന ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയിട്ടുള്ള എൽ.എ.ആർ. 445/10 നമ്പർ കേസിന്മേലുള്ള തുകയായ 1,30,56,178/- രൂപ (ഒരു കോടി മുപ്പത് ലക്ഷത്തി അമ്പത്തിയാറായിരത്തി ഒരുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) കക്ഷിയായ ശ്രീ. രാമയ്യൻ ചെട്ടിയാർക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93-Payment of Compensation in LAR Caes (Plan Charged) എന്ന ശീർഷകത്തിൽ 1,30,57,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും

അടിസ്ഥാനത്തിൽ പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം ജില്ലയിലെ തൈക്കാട് വില്ലേജിൽ സർവ്വേ നം. 2352 (L.A. Re. Sy. No.2352/2)-ൽ ഉൾപ്പെട്ടതും ശ്രീ. രാമയ്യൻ ചെട്ടിയാരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.58 ആർസ് ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് 05/12/2023-ൽ തിരുവനന്തപുരം സബ് കോടതിയിൽ നടന്ന ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയിട്ടുള്ള എൽ.എ.ആർ. 445/10 നമ്പർ കേസിന്മേലുള്ള തുകയായ 1,30,56,178/- രൂപ (ഒരു കോടി മുപ്പത് ലക്ഷത്തി അമ്പത്തിയാറായിരത്തി ഒരുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) കക്ഷിയായ ശ്രീ. രാമയ്യൻ ചെട്ടിയാർക്ക് (S/o Bhagavathy Appen Chettiyar, T.C.38/246, Chenthitta, Chalai P.O., Thycaud, Thiruvananthapuram) '4217-60-800-93-Payment of Compensation in LAR Cases (Plan-Charged)' എന്ന ശീർഷകത്തിൽ നിന്ന് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ശ്രീ. രാമയ്യൻ ചെട്ടിയാർ, S/o Bhagavathy Appen Chettiyar, T.C.38/246, Chenthitta, Chalai P.O., Thycaud, Thiruvananthapuram (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ ഇ.&ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/118/2024/FIN. dated 06.07.2024).
തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ് (IA4/125/2023-LSGD)
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/143/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 29-07-2024 15:56:51
സെക്ഷൻ ഓഫീസർ